'ഭരണഭാഷ മാതൃഭാഷ'

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 695 033
ഫോൺ : 0471-2304594, 0471-2303229
ഇ-മെയിൽ :keralatribes@gmail.com

---

നമ്പർ:C2/17788/2021 തീയതി :07-06-2024

## വിജ്ഞാപനം

പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നഴ്സിംഗ് ഉൾപ്പടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന പദ്ധതിയായ 'ട്രൈബൽ പാരാമെഡിക്സ്' ട്രെയിനി നിയമനത്തിനായി അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളിൽ നിന്നും 22/07/2023 ലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നെങ്കിലും ഒഴിവുകളുള്ള മുഴുവൻ തസ്തികകളിലും യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ട്രൈബൽ പാരാമെഡിക്സ് ട്രെയിനി നിയമനത്തിനായി അർഹരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളിൽ നിന്നും വീണ്ടും അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ട്രെയിനി നിയമനം പൂർണ്ണമായും ഒരു പരിശീലന പദ്ധതിയാണ് നഴ്സിംഗ് ഉൾപ്പടെയുള്ള വിവിധ പാരാമെഡിക്കൽ യോഗ്യതയുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ മികവുറ്റ ജോലികൾ കരസ്ഥമാക്കുവാൻ പ്രാപ്തരാക്കുന്നതിന് പ്രവർത്തി പരിചയം നൽകുക, ആരോഗ്യകേന്ദ്രങ്ങളെ ട്രൈബൽ ഫ്രണ്ട്ലി ആക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

### നിയമന യോഗ്യതകൾ

1. ഉദ്യോഗാർത്ഥികൾ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുമുള്ളവർ ആയിരിക്കണം.
2. ആകെ ഒഴിവുകൾ - 150

3. വിദ്യാഭ്യാസയോഗ്യത - നഴ്സിംഗ്, ഫാർമസി, മറ്റു പാരാമെഡിക്കൽ കോഴ്സ് ബിരുദം/ഡിപ്ലോമ

4. കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമായിരിക്കണം.

5. പ്രായപരിധി - 21-35 വയസ്സ്.

6. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള പി.എച്ച്.സി മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ആയിരിക്കും നിയമനം നൽകുന്നത്.

7. ട്രൈബൽ പാരാമെഡിക്സ് നിയമനം ലഭിക്കുന്നവർക്ക് സ്ഥിര നിയമനത്തിന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

8. നിയമന കാലാവധി - 1 വർഷം

9. അപേക്ഷ സമർപ്പണം - നിശ്ചിത മാതൃകയിലുള്ള അപേക്ഷ ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ജില്ലയിലെ ട്രൈബൽ ഡെവലപ്മെൻറ് ഓഫീസ്/ഐ.ടി.ഡി.പി പ്രോജക്റ്റ് ഓഫീസ് എന്നിവിടങ്ങളിൽ സമർപ്പിക്കേണ്ടതാണ്. ഒരാൾ ഒന്നിലധികം ജില്ലകളിൽ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല.

10. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 31/06/2024 വൈകുന്നേരം 5.00 മണി.

11. പ്രതിമാസ ഹോണറേറിയം

*നഴ്സിംഗ്/ഫാർമസി/മറ്റു പാരാമെഡിക്കൽ കോഴ്സ് ബിരുദ യോഗ്യത - ₹18,000/-

*നഴ്സിംഗ്/ഫാർമസി/മറ്റു പാരാമെഡിക്കൽ കോഴ്സ് ഡിപ്ലോമ യോഗ്യത - ₹15,000/-

12. നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആരോഗ്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി ജോലി ചെയ്യാൻ ബാധ്യസ്ഥരാണ്.

കൂടുതൽ വിവരങ്ങളും അപേക്ഷ ഫോറത്തിന്റെ മാതൃകയും ജില്ലകളിലെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് /ഐ.ടി.ഡി.പി. പ്രോജക്റ്റ് ഓഫീസ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും www.stdd.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

JOINT DIRECTOR

Signed by
Sreerekha K S
Date: 07-06-2024 14:01:4

## പട്ടികവർഗ്ഗ വികസന വകുപ്പ്
## ഗോത്രവർഗ്ഗ പാരാമെഡിക്സ് നിയമനം
## അപേക്ഷ ഫോറം

PHOTO

1. അപേക്ഷകന്റെ പേര്
2. മേൽ വിലാസം
3. മൊബൈൽ നമ്പർ
4. ഇ-മെയിൽ
5. അപേക്ഷിക്കുന്ന ജില്ലാ
   (ഒന്നിലധികം ജില്ലകളിൽ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല).
6. ജാതി
   (സർട്ടിഫിക്കറ്റ് പകർപ്പും)
7. ജനന തീയതി, വയസ്സ്
   (എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
8. തദ്ദേശഭരണ സ്ഥാപനം/താലൂക്ക്
9. വിദ്യാഭ്യാസ യോഗ്യത (എസ്.എസ്.എൽ.സി മുതൽ)

| ക്രമ നമ്പർ | പഠിച്ച സ്ഥാപനം | കോഴ്സിന്റെ പേര് | പാസായ വർഷം | ലഭിച്ച മാർക്ക് |
|---|---|---|---|---|
| | | | | |

## സത്യപ്രസ്താവന

മേൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും സത്യമാണ് എന്നും അപ്രകാരമല്ല എന്ന് തെളിയിക്കപ്പെടുന്ന പക്ഷം എന്റെ അപേക്ഷ/ നിയമനം റദ്ദാവുന്നതാണ് എന്ന് ബോദ്ധ്യമുണ്ട് എന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

ഒപ്പ് :
പേര് :